പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 421

19.10.2011-ൽ മറുപടിയ്ക്ക്

# തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. എളമരം കരീം<br>,, എം. ചന്ദ്രൻ<br>,, സി. കൃഷ്ണൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. എല്ലാ പഞ്ചായത്തിലും തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ ; | എ. സംസ്ഥാനത്ത് ഇടുക്കി ജില്ലയിൽ പുതുതായി രൂപീകരിച്ച ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റ് എല്ലാ ഗ്രാമപഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഇപ്പോൾ ലഭിക്കുന്ന തൊഴിൽ മേഖല വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ; | ബി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് നിർണ്ണയിക്കുന്നത് കേന്ദ്രസർക്കാരാണ്. പുതിയ ഇനം പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി. ദേശീയ തൊഴിലുറപ്പ് പദ്ധതി ഏകോപിപ്പിക്കാൻ ഉദ്യോഗസ്ഥരില്ലാത്തതിനാൽ പദ്ധതി പ്രവർത്തനം സുഗമമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | സി. ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.